# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – പത്തനംതിട്ട നഗരസഭ – വെട്ടിപ്പുറം ചിറ്റക്കാട്ട് വഴി പൂവൻപാറ റോഡ് വികസനം – 5.67 ആർ സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 2111/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ആഗസ്റ്റ് 17, 2009.

---

പരാമർശം: 1. പത്തനംതിട്ട നഗരസഭാ കൗൺസിലിന്റെ 30-12-2008-ലെ 20-ാം നമ്പർ തീരുമാനം.

2. പത്തനംതിട്ട നഗരസഭാ സെക്രട്ടറിയുടെ 23-06-2009-ലെ ഇ2-905/08 നമ്പർ കത്ത്.

3. നഗരകാര്യ ഡയറക്ടറുടെ 10-07-2009-ലെ ജി.3-10992/09 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, നഗരസഭയിലെ 11-ാം വാർഡിലെ വെട്ടിപ്പുറം ചിറ്റക്കാട്ട് വഴി പൂവൻപാറ റോഡ് വികസിപ്പിക്കുന്നതിനായി പത്തനംതിട്ട വില്ലേജിൽ സർവ്വേ നമ്പർ 203/2, 203/7 എന്നിവയിൽപ്പെട്ട 5.67 ആർ സ്ഥലം അക്വയർ ചെയ്യുന്നതിന് പത്തനംതിട്ട നഗരസഭയ്ക്ക് താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ജില്ലാ കളക്ടറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ വിലയ്ക്ക് സ്ഥലം വിട്ടു നൽകാമെന്ന് സ്ഥലമുടമകളുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവരുടെ ഭൂമി അക്വയർ ചെയ്യാവൂ.

(ii) സ്ഥലമെടുപ്പ് നടപടി ആരംഭിക്കുന്നതിന് മുമ്പ്, ചെലവ് വഹിക്കാമെന്ന് ഏറ്റിട്ടുള്ളവർ തുക നഗരസഭയിൽ ഒടുക്കണം.

(മറുപുറം)

(iii) ഏറ്റെടുക്കുന്നതിനോ, തുടർന്നുണ്ടാകുന്ന വ്യവഹാരങ്ങൾ മൂലമോ നഗരസഭയ്ക്കോ, സർക്കാരിനോ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, പത്തനംതിട്ട നഗരസഭ, പത്തനംതിട്ട.

ജില്ലാ കളക്ടർ, പത്തനംതിട്ട.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.